LIBRARY ARCHIVES Kerala Legislative Assembly

ബേപ്പൂർ പഞ്ചായത്തിലെ ശവകണ്ടി പറമ്പിൽ കടൽഭിത്തി കെട്ടി സംരക്ഷിക്കാൻ നടപടി

55 [212] ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബേപ്പൂർ പഞ്ചായത്തിലെ ശവകണ്ടി പറമ്പിൽ കടൽ ഭിത്തി കെട്ടി സംരക്ഷിക്കണമെന്ന ആവശ്യത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഇതിനായി സമർപ്പിക്കപ്പെട്ട എസ്റ്റിമേറ്റിന് സാമ്പത്തികാനുമതിയും ഭരണാനുമതിയും നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഈ കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 2-12-2002-ൽ ചേർന്ന ഫ്ളഡ് കൺട്രോൾ ആന്റ് ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി മീറ്റിംഗിൽ കടലാക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന 52 കി.മീ. നീളത്തിൽ പുതിയ കടൽഭിത്തി നിർമ്മിക്കാനും 59 കി. മീ. കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനും വേണ്ടി അംഗീകാരം നൽകുകയുണ്ടായി. ഇതനുസരിച്ച് 216.96 കോടി രൂപ മതിപ്പു ചെലവ് വരുന്ന ഒരു പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി നാഷണൽ കോസ്റ്റൽ പ്രൊട്ടക്ഷൻ പ്രോജക്റ്റിൽ ഉൾപ്പെടുത്തി കേന്ദ്ര സഹായം ലഭിക്കുന്നതിന് വേണ്ടി സെൻട്രൽ വാട്ടർ കമ്മീഷനിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ ബേപ്പൂർ പഞ്ചായത്തിലെ ശവകണ്ടി പറമ്പിലെ കെ. ഇ. ആർ. ഐ. 2942-ന് വടക്കുവശം 640 മീറ്റർ നീളത്തിൽ ഉള്ള കടൽഭിത്തിയുടെ പുനരുദ്ധാരണ പണികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) കേന്ദ്ര സഹായം ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ

56 [213] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ പുനഃസംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്നറിയിക്കാമോ;

(ബി) കേരള വാട്ടർ അതോറിറ്റിയും പ്ലാനിംഗ് ബോർഡും തമ്മിൽ എന്തെങ്കിലും ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ധാരണാപത്രത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) വാട്ടർ അതോറിറ്റിയുടെ ഏതൊക്കെ പദ്ധതികളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാൻ തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) കേരളാ വാട്ടർ അതോറിറ്റിയുടെ ഏതെങ്കിലും പദ്ധതികൾ സ്വകാര്യ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നൽകാനായി സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളാ വാട്ടർ അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സാമ്പത്തിക ഭദ്രത ഉറപ്പാക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) കേരളാ വാട്ടർ അതോറിറ്റിയും പ്ലാനിംഗ് ബോർഡും തമ്മിൽ ധാരണാപത്രം ഒന്നും ഒപ്പുവെച്ചിട്ടില്ല.

(സി) വാട്ടർ അതോറിറ്റിയുടെ പഞ്ചായത്തടിസ്ഥാനത്തിലുള്ള ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാൻ തീരുമാനിച്ചിട്ടുള്ളത്.

(ഡി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

വാട്ടർ അതോറിറ്റി മുഖേനയുള്ള ശുദ്ധജലവിതരണത്തിന്റെ ഉല്പാദനച്ചെലവ്

57 [214] ശ്രീ. ടി. യു. രാധാകൃഷ്ണൻ :
,, തേറമ്പിൽ രാമകൃഷ്ണൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. എ. പി. അനിൽകുമാർ :
,, അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു ലിറ്റർ ശുദ്ധജലം ഉല്പാദിപ്പിക്കുവാൻ വാട്ടർ അതോറിറ്റിക്ക് എന്ത് തുക ചെലവുവരും എന്ന് വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ഘടകങ്ങൾക്കു വേണ്ടിയാണ് പ്രസ്തുത തുക ചെലവിടുന്നത്;

(സി) ഇതിൽ ഓരോ ഘടകത്തിനും വേണ്ടിവരുന്ന ചെലവ് എത്ര;

LIBRARY ARCHIVES Kerala Legislative Assembly